(ഡി) കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനിശ്ചിതമായി മുടങ്ങിക്കിടന്ന അഡ്വക്കേറ്റ് കമ്മീഷന്റെ ഇൻസ്പെക്ഷൻ, ബോർഡിന്റെ നിരന്തരമായ ഇടപെടലുകൾമൂലം 17-11-2014-ൽ പൂർത്തിയായി.

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് പ്രസ്തുത സബ്സ്റ്റേഷന്റെ അനുബന്ധ വൂട്ടുകൾ 24-7-2013 മുതൽ 30-10-2013 വരെ സർവ്വേ ചെയ്ത് രേഖപ്പെടുത്തിയിരുന്നു. ഈ സ്ഥല വിവരങ്ങൾ 22-6-2013, 20-8-2013, 5-10-2013, 29-10-2013, 30-10-2013, 14-12-2013, 17-12-2013, 19-6-2014, 17-11-2014 എന്നീ ദിവസങ്ങളിൽ കമ്മീഷൻ നേരിട്ടു പരിശോധിച്ചു രേഖപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) കമ്മീഷൻ, റിപ്പോർട്ട് ഇതുവരെയും എറണാകുളം Additional District Magistrate മുമ്പാകെ സമർപ്പിച്ചിട്ടില്ല.

(ഇ) റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും നേരിട്ടും രേഖാമൂലവും പരിശോധന സമയത്ത് - 17-11-2014 -നുള്ളിൽ തന്നെ ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. കമ്മീഷൻ, റിപ്പോർട്ട് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനു സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമല്ല.

കെ.എസ്.ഇ.ബി. പോസ്റ്റുകളിലൂടെ കേബിൾ വലിക്കാൻ റിലയൻസിന് നൽകിയ അനുമതി

59 (405) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെ.എസ്.ഇ. ബി. പോസ്റ്റുകളിലൂടെ 4G കേബിൾ വലിക്കാൻ റിലയൻസിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) വർഷത്തിൽ ഒരു പോസ്റ്റിന് എത്ര രൂപ നിരക്കിൽ എത്ര വർഷത്തേക്കാണ് റിലയൻസിന് കരാർ നൽകിയിട്ടുള്ളത് ;

(സി) ചെറുകിട കേബിൾ ഓപ്പറേറ്റർമാരുടെ തൊഴിലിനെ പ്രസ്തുത കരാർ ദോഷകരമായി ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് സംബന്ധിച്ച് വൈദ്യുത മന്ത്രിയും ചെറുകിട കേബിൾ ഓപ്പറേറ്റർമാരുടെ പ്രതിനിധികളും തമ്മിൽ സംഭാഷണം നടത്തിയിട്ടുണ്ടോ ;

(ഇ) മന്ത്രിയുമായി നടന്ന ഒത്തുതീർപ്പ് മറികടന്ന് റിലയൻസിന് കേബിൾ വലിക്കാൻ അനുവാദം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ റിലയൻസ് ജിയോ ഇൻഫോകോമിന് വൈദ്യുത പോസ്റ്റുകളിൽ കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് നിബന്ധനകളോടെ താൽക്കാലിക അനുമതി നൽകിയിട്ടുണ്ട്.

(ബി) 30-1-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 05/15/ഊ.വ. പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ പോസ്റ്റുകൾ മുഖേന ഏരിയൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് M/s റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് നിർദ്ദിഷ്ട വ്യവസ്ഥകളോടെ അനുമതി നൽകാൻ കെ.എസ്.ഇ.ബി.എൽ.-ന് അനുവാദം നൽകിയിട്ടുണ്ട്. നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും പോസ്റ്റ് ഒന്നിന് പ്രതിവർഷ വാടക 360 രൂപയും ഗ്രാമപ്രദേശങ്ങളിൽ 180 രൂപയും നിരക്കിൽ 5 വർഷത്തേക്ക് തുക മുൻകൂറായി അടയ്ക്കണമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി നോൺ എക്സ്ക്ലൂസീവ് അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ഇതുസംബന്ധിച്ച് ഔദ്യോഗികമായ ചർച്ചയൊന്നും നടത്തിയിട്ടില്ല.

മിഷൻ 676 - സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവൽക്കരണം

60 (406) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്കരിക്കുവാൻ മിഷൻ 676 ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നല്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly